പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 308 09.03.2015-ൽ മറുപടിയ്ക്ക്

## ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ മേൽനോട്ടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | നാഷണൽ ഗെയിംസ് നടത്തിപ്പിനായി നവീകരിച്ച ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ മേൽനോട്ടം ഇനിമുതൽ ആർക്കാണെന്നും സ്റ്റേഡിയത്തിൽ പുതിയതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുവാനാണ് തിരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) | ശ്രീപാദം സ്റ്റേഡിയത്തിന്റെ പരിപാലനച്ചുമതല കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. സ്റ്റേഡിയത്തിൽ പുതുതായി പദ്ധതികൾ ആവിഷ്ക്കരിക്കുവാനുള്ള നടപടികൾ സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്നു. |
| (ബി) | നാഷണൽ ഗെയിംസിന്റെ ഭാഗമായി സ്റ്റേഡിയം നവീകരിക്കുവാൻ എന്തു തുക ചെലവഴിച്ചിട്ടിണ്ടെന്നും മത്സരയിനങ്ങൾ നടത്തിയതിന് എന്തു തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | ദേശീയ ഗെയിംസിന്റെ ഭാഗമായി ശ്രീപാദം സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി 1.19 കോടി രൂപ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് ചെലവഴിച്ചിട്ടുണ്ട്.<br>ഓരോ മത്സരയിനത്തിലും വരുന്ന ചെലവ് പ്രത്യേകമായി കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ